ISSUE: 136

KCA weekly E-news bulletin ● Dated 20-07-2026

KERALA CARTOON ACADEMY

# കാർട്ടൂൺ പത്രിക

കേരള കാർട്ടൂൺ അക്കാദമിയുടെ പ്രതിവാര വാർത്താ പത്രിക

## www.keralacartoonacademy.com




**കേരള** കാർട്ടൂൺ അക്കാദമിയുടെ പുതിയ വെബ്സൈറ്റിൽ എല്ലാ അംഗങ്ങളുടേയും വിവരങ്ങൾ ചേർത്തിട്ടുണ്ട്. അക്കാദമിയുടെ ചരിത്രം, അംഗങ്ങളെ കുറിച്ചും, മൺമറഞ്ഞ കാർട്ടൂണിസ്റ്റുകളെക്കുറിച്ചുമുള്ള വിവരങ്ങൾ, അക്കാദമി സംഘടിപ്പിക്കുന്ന പരിപാടികൾ, മുൻകാലങ്ങളിൽ നടത്തിയ പരിപാടികളുടെ വിവരണങ്ങളും ചിത്രങ്ങളും, പുതിയ അംഗത്വം എടുക്കുന്നതിനായി ഉള്ള അപേക്ഷ ലിങ്ക് തുടങ്ങി അക്കാദമിയുടെ എല്ലാവിധ പ്രവർത്തനങ്ങളും സംബന്ധിച്ച ഒരു സമഗ്രമായ പോർട്ടൽ ആണ് ഒരുക്കിയിട്ടുള്ളത്. എല്ലാ അംഗങ്ങളും ഈ വെബ്സൈറ്റ് സന്ദർശിച്ച് വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകണമെന്നും അപേക്ഷിക്കുന്നു. അംഗങ്ങളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ചേർക്കണമെന്ന് താത്പര്യമുള്ളവർ അത് തയ്യാറാക്കി അക്കാദമി വൈസ് ചെയർമാൻ അനൂപ് രാധാകൃഷ്ണന് അയച്ച് കൊടുക്കുക. ●

(അനൂപ് രാധാകൃഷ്ണന്റെ ഇമെയിൽ വിലാസം: anoopamatrya@gmail.com ഫോൺ: +919995351564)

പുതിയ വെബ്സൈറ്റിന്റെ ലിങ്ക് : www.keralacartoonacademy.com

## റോട്ടോ ശിൽപി അവാർഡ് ഡാവിഞ്ചി സുരേഷിന്




**തൃശൂർ** സിറ്റി റോട്ടറി ക്ലബ്ബ് ഏർപ്പെടുത്തിയ റോട്ടോ ശിൽപി അവാർഡ് കാർട്ടൂൺ അക്കാദമി അംഗം ഡാവിഞ്ചി സുരേഷ് തൃശ്ശൂർ എം. എൽ. എ. രാജൻ ജെ. പല്ലനിൽ നിന്നും ഏറ്റു വാങ്ങി. പ്രശസ്തി പത്രം റോട്ടറി ക്ലബ്ബ് ഡിസ്ട്രിക് ഗവർണർ ടി. ആർ. വിജയകുമാർ സുരേഷിന് കൈമാറി. ജൂലൈ 11ന് തൃശൂരിലെ ദാസ് കോണ്ടിനെന്റലിൽ ആയിരുന്നു ചടങ്ങ്. ഡാവിഞ്ചി സുരേഷിന് കേരള കാർട്ടൂൺ അക്കാദമിയുടെ അഭിനന്ദനങ്ങൾ. ●

**KERALA CARTOON ACADEMY**

**Chairman**
Sudheer Nath N B

**V. Chairman**
Anoop Radakrishnan
KVM Unny

**Secretary**
A Satheesh

**Jt. Secretary**
Sajiv Sooranad

**Treasurer**
Sajjive Balakrishnan

**EC Members**
Balachandran K B
Hareesh Mohan
Haridas Balakrishnan
Madoos
Mohana Kumaran Nair
Rethish Ravi
Sunil Pankaj
Surendran Varachal
Suresh Harippad
Vinu S

**Patron**
Aravindakshan P
Divakaran N P
Gafoor K N
Hari G
John Kakkanad
Krishnan P V
Mohanachandran M S
Mohan Shivanand
Peter E P
Raghu K S
Seeri M K
Sivan Paravur
Somanath S Dr
Thomas Jacob
TVG Menon

**KCA Icon**
Anjan Sathish
Suresh Eriyat

# കാർട്ടൂണിസ്റ്റ് ശങ്കറിന്റെ 124–ാം ജൻമദിന ആഘോഷം





**കാർട്ടൂണിസ്റ്റ്** ശങ്കറിന്റെ പേരിൽ കായംകുളം കൃഷ്ണപുരത്തുള്ള ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയവും ആർട്ട് ഗാലറിയും സ്ഥലം എം.എൽ.എയും, മന്ത്രിയുമായ എം. ലിജു സന്ദർശിച്ചു. കാർട്ടൂണിസ്റ്റ് ശങ്കറിന്റെ 124–ാം ജൻമദിന ആഘോഷം ചർച്ചയായി. കേരള കാർട്ടൂൺ അക്കാദമി നിർവാഹക സമിതി അംഗം സുരേഷ് ഹരിപ്പാട്, സാഹിത്യകാരൻ എബ്രഹാം മാത്യു, ആർട്ടിസ്റ്റ് കെ.പി. മുരളീധരൻ എന്നിവരും ചർച്ചയിൽ പങ്കെടുത്തു. ജൂലൈ 31ന് ശങ്കർ ജൻമദിനാഘോഷം വിപുലമായി സംഘടിപ്പിക്കാൻ തീരുമാനിച്ചു. ●

# ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി കാർട്ടൂൺ



**ഓപ്പറേഷൻ** തൂഫാന്റെ ഭാഗമായി ലഹരി ബോധവത്കരണ കാർട്ടൂണൊരുക്കി കുട്ടികളിലേക്കിറങ്ങുകയാണ് പോലീസ് ഉദ്യോഗസ്ഥനായ ഒല്ലൂർ സി.എ. ആയ എം. എസ്. ഫൈസൽ. വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികളിൽ ഈ കാക്കികാരൻ കാർട്ടൂണുകളൊരുക്കും. ലഹരി മനുഷ്യ ജീവനെ എങ്ങനെ കാർന്നു തിന്നുന്നുവെന്നതുൾപ്പെടെ കാർട്ടൂണുകളിൽ നിറയും. ഫൈസലിന്റെ ഉദ്യമത്തിന് കേരള കാർട്ടൂൺ അക്കാദമിയുടെ ആശംസകൾ. ●

# ജോഷി ബെനഡിക്റ്റിന് ദേശയ പുരസ്ക്കാരം



2024ലെ ദേശിയ ചലചിത്ര പുരസ്ക്കാരത്തിൽ ഏറ്റവും മികച്ച അനിമേഷൻ ചിത്രത്തിനുള്ള പുരസ്ക്കാരം ജോഷി ബെനഡിക്റ്റിന്. ടച്ച് ആസ് വാട്ടർ എന്ന ചിത്രത്തിനാണ് അവാർഡ്. പ്രശസ്തനായ അനിമേഷൻ സംവിധായകനും ഗ്രാഫിക് നോവലിസ്റ്റുമാണ് കോഴിക്കോട് തിരുവമ്പാടി സ്വദേശിയായ ജോഷി ബെനഡിക്ട്. 'എ കോക്കനട്ട് ട്രീ' എന്ന ഹ്രസ്വ അനിമേഷൻ ചിത്രത്തിന് മികച്ച അനിമേഷൻ ചിത്രത്തിനുള്ള ദേശീയ അവാർഡ് മുമ്പ് അദ്ദേഹം നേടിയിട്ടുണ്ട്. ജോഷി ബെനഡിക്റ്റിന് കേരള കാർട്ടൂൺ അക്കാദമിയുടെ അഭിനന്ദനങ്ങൾ. ●



*ഇതിഹാസ കാർട്ടൂണിസ്റ്റ് ശങ്കറിന്റെ മകൾ യമുനാ ശങ്കറും, മകൻ രവിശങ്കറിന്റ മരുമകനായ അമിതാഭ് വിർമാണിയും, കാർട്ടൂണിസ്റ്റ് സുധീർ നാഥ് ന്യൂഡൽഹിയിൽ അവർക്ക് സമ്മാനിച്ച* Indian Cartoonists on Tibet *(1950–2025) എന്ന പുസ്തകം പരിശോധിക്കുന്നു. അവരുടെ സമീപത്ത് ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റിന്റെ* (CBT) *ജനറൽ മാനേജർ ഇന്ദർജീത് മിഗ്ലാനി നിൽക്കുന്നു. ഫോട്ടോ: സീനിയർ ജേർണലിസ്റ്റ് എ. ജെ. ഫിലിപ്പ്.*

## പുസ്തക പരിചയം

# ഗോ കൊറോണ ഗോ

(കാർട്ടൂൺ സമാഹാരം)

സതീഷ് ആചാര്യ

സതീഷ് ആചാര്യ വർത്തമാന കാലത്തെ രാജ്യത്തെ മുൻനിര ദേശിയ കാർട്ടൂണിസ്റ്റാണ്. അദ്ദേഹത്തിന്റെ വർണ്ണകാർട്ടൂണുകളും വിമർശനവും ഏറെ ആരാധകരെ സൃഷ്ടിച്ചിട്ടുണ്ട്. സമൂഹം ചർച്ചയാക്കുന്ന ഒട്ടുമിക്ക വിഷയവും സതീഷ് ആചാര്യ തന്റെ കാർട്ടൂണിലും വിഷയമാക്കുന്നു. കാർട്ടൂണുകൾ നമ്മെ ചിരിപ്പിക്കാനുള്ളതാണെന്ന പൊതുധാരണയെ സതീഷ് തിരുത്തിയെഴുതുന്നു. അദ്ദേഹത്തിന്റെ അസാമാന്യമായ സർഗ്ഗാത്മകതയും അതിവേഗത്തിലുള്ള പ്രവർത്തനശൈലിയും അതിലേറെ ഗൗരവകരവും ആഴത്തിലുള്ളതുമായ ഒരു കാര്യം സാധ്യമാക്കുന്നു: അത് നമ്മെ ഞെട്ടിക്കുകയും, ചിന്തകളിൽ ആഴ്ത്തുകയും, അവതരിപ്പിക്കപ്പെടുന്ന വിഷയത്തെക്കുറിച്ച് വീണ്ടും ചിന്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. സതീഷിന്റെ സൃഷ്ടികൾ ചിലപ്പോൾ നിങ്ങളെ ചിരിപ്പിച്ചേക്കാം. എന്നാൽ പലപ്പോഴും, അവിശ്വസനീയതയോടെ തലയാട്ടാനും അവ നിങ്ങളെ പ്രേരിപ്പിക്കും.




2020ൽ ഒരു ബില്യൺ ജനങ്ങളുള്ള ഒരു രാഷ്ട്രം സാക്ഷ്യം വഹിച്ച ഒരു

കഥയും, നമ്മുടെ ബോധത്തിൽ നിന്ന് നാം മറക്കുകയോ മായ്ക്കുകയോ ചെയ്യരുതാത്ത സംഭവങ്ങളും. കൊറോണ വൈറസ് ഇന്ത്യയിലേക്ക് അപ്രതീക്ഷിതമായി വന്നതല്ല, പക്ഷേ നമ്മൾ പടിവാതിൽക്കൽ ഉറങ്ങുകയായിരുന്നു എന്ന വസ്തുത പോലെ. വൈറസിന് ഒരു വർഗീയ ഭാവം നൽകിയ ലോകത്തിലെ ഒരേയൊരു രാജ്യം ഇന്ത്യയാണെന്ന്, ഡോക്ടർമാർ ശരിയായ പിപിഇ കിറ്റുകളും ശമ്പളവും യാചിച്ച സമയത്ത് സർക്കാർ നമ്മെ പാത്രങ്ങൾ കൊണ്ട് അടിച്ചുകൊണ്ട് രാഷ്ട്രീയ പോയിന്റുകൾ നേടുകയായിരുന്നു. സ്വതന്ത്ര ഇന്ത്യ ചരിത്രത്തിലെ ഏറ്റവും വലുതും ക്രൂരവുമായ കൂട്ട കുടിയേറ്റത്തിന് സാക്ഷ്യം വഹിച്ചു, നമ്മുടെ സമ്പദ്‌വ്യവസ്ഥ തകർന്നപ്പോഴും നമുക്ക് 5 ട്രില്യൺ ഡോളർ ജിഡിപി സ്വപ്നങ്ങൾ വിൽക്കപ്പെടുകയായിരുന്നു.

ഈ കാർട്ടൂണുകളുടെ ശേഖരം നമ്മുടെ മുൻനിര പോരാളികൾക്ക് സമർപ്പിക്കുന്നത് ഉചിതമാണ്. ഈ സമാഹാരത്തിലെ ഓരോ പേജിലൂടെയും കടന്നുപോകുമ്പോൾ, പരസ്പരം സാമൂഹിക അകലം പാലിക്കാൻ ശ്രമിക്കുന്ന രാവണന്മാരെയും, പരമോന്നത നേതാവിന് റിപ്പോർട്ട് നൽകുന്ന മയിലിനെയും, ഉറങ്ങിക്കിടന്ന കുടിയേറ്റ തൊഴിലാളികളുടെ മേൽ പാഞ്ഞുകയറിയ ട്രെയിനിനെയും, അല്ലെങ്കിൽ തങ്ങളുടെ യജമാനന്മാർക്കുവേണ്ടി കഠിനാധ്വാനം ചെയ്യുന്ന 'ഗോഡി മീഡിയ'യെയും (അടിമത്തം പേറുന്ന മാധ്യമങ്ങളെയും) കണ്ട് ആസ്വദിക്കാൻ അല്പം സമയം കണ്ടെത്തുക.

കൊറോണ മഹാമാരിക്കാലത്തെ ഇന്ത്യയുടെ അവസ്ഥയെ 'ഗോ കൊറോണ ഗോ' എന്നതിനേക്കാൾ നന്നായി മറ്റൊന്നും വിവരിക്കാനാവില്ല. നിസ്സഹായാവസ്ഥ, തകരുന്ന ആരോഗ്യസംവിധാനം, ചിലരുടെ അശ്രദ്ധ, ഭരണകൂടത്തിന്റെ വീഴ്ചകൾ, മഹാമാരിയെ വർഗീയവൽക്കരിക്കാനുള്ള ശ്രമങ്ങൾ, ജനങ്ങളുടെ ദുരിതങ്ങളോടുള്ള ഭരണാധികാരികളുടെ സംവേദനക്ഷമതയില്ലായ്മ, വഴിതെറ്റിക്കുന്ന രാഷ്ട്രീയ നേതാക്കൾ ഇവയെല്ലാം 'ഗോ കൊറോണ ഗോ' എന്നതിൽ കൃത്യമായി പ്രതിഫലിക്കുന്നുണ്ട്. ആധുനിക ഇന്ത്യയിലെ ഏറ്റവും ദുഷ്കരമായ ഘട്ടത്തെ 130 കാർട്ടൂണുകളിലൂടെ രേഖപ്പെടുത്താനുള്ള ഒരു ശ്രമമാണ് ഈ പുസ്തകം. ●

